തിരുവനന്തപുരം
ജില്ലാപഞ്ചായത്ത്

തിരുവനന്തപുരം ജില്ലാപഞ്ചായത്ത്

# സ്വാഭിമാനം വികസനത്തിന്റെ തലസ്ഥാനത്ത്



തിരുവനന്തപുരം
ജില്ലാപഞ്ചായത്ത്

# സാഭിമാനം
# വികസനത്തിന്റെ
# തലസ്ഥാനത്ത്


ഒന്നാണ് നാം
ഒന്നാമതാണ് കേരളം
ജനമനസ്സിലും പുരസ്കാരങ്ങളിലും
മലയാളികളുടെ ആത്മാഭിമാനം
വാനോളം ഉയർത്തി
1000 നല്ല ദിനങ്ങൾ
സമ്മാനിച്ച
നവകേരള ശില്പി
പറഞ്ഞതെല്ലാം ചെയ്തുനിറഞ്ഞു,
ഇനി നവകേരള നിർമ്മാണം



# സന്ദേശം

**കടകംപള്ളി സുരേന്ദ്രൻ**
സഹകരണം, ടൂറിസം ദേവസ്വം വകുപ്പ് മന്ത്രി

**കേരള സർക്കാർ**

തിരുവനന്തപുരം-695 001
സെക്രട്ടേറിയേറ്റ്

പ്രാദേശിക സർക്കാർ എന്ന നിലയിൽ ത്രിതല പഞ്ചായത്ത് സംവിധാനത്തിലുടെ പ്രദേശത്തെ മുഴുവൻ ജനങ്ങളേയും കുട്ടിയിണക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃസ്ഥണുമാണ് ജില്ലാ പഞ്ചായത്തിന്റേത്. കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളുടെ ശരിയായ നടത്തിപ്പിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏകോപിക്കുക എന്ന ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിലുംനാടിന്റ വികസന പ്രവർത്തനങ്ങൾ മുഴുവൻ ജനവിഭാഗങ്ങളിലേക്ക് എത്തിക്കുന്നതിലും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സംസ്ഥാനത്തിനാകെ മാതൃകയാണ് എല്ലാവിധ ആശംസകളും നേരുന്നു.

# സന്ദേശം



**എ.സി. മൊയ്ദീൻ**
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

**കേരള സർക്കാർ**

തിരുവനന്തപുരം-695 001
സെക്രട്ടേറിയേറ്റ്

മികച്ച ജില്ലാ പഞ്ചായത്തിനുള്ള 2017-18 ലെ സ്വരാജ് ട്രോഫി കരസ്ഥമാക്കിയ തിരുവനന്തപുരം ജില്ല പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലും നിർവ്വഹിക്കുന്നതിലും മികച്ച മാതൃകയാണ് സൃഷ്ടിച്ചിട്ടുള്ളത്. എല്ലാ വിജയാശംസകളും നേരുന്നു.



# ആമുഖം

ബഹുമാന്യരേ,

ആയിരം നല്ല നാളുകളിലൂടെ ആർജ്ജിച്ച നേട്ടങ്ങൾ നിലനിർത്തി നവകേരളസൃഷ്ടി ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ മുന്നോട്ട് പോവുകയാണ്. തദ്ദേശസ്വയംഭരണ സമിതികൾക്ക് ഭരണ നിർവ്വഹണത്തിൽ പുതിയ ഊർജ്ജം പകർന്നുകൊണ്ടാണ് സർക്കാർ പ്രവർത്തിക്കുന്നത്. അതുകൊണ്ടു തന്നെയാണ് പദ്ധതി നിർവ്വഹണത്തിൽ ചരിത്ര നേട്ടം കൈവരിക്കാൻ സാധിച്ചത്.

വർത്തമാന കാലഘട്ടം അഭിമുഖീകരിക്കുന്ന തീക്ഷ്ണമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനും ഒരു ഹരിത കാഴ്ച്ചപ്പാട് മുന്നോട്ട് വയ്ക്കാനും ശ്രദ്ധേയവും ജനക്ഷേമകരവുമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും ജില്ലാപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിച്ചിട്ടുണ്ട്. ലോക ഗിന്നസ് റിക്കോർഡ് നേടിയ 'രക്ഷ' ജലസുരക്ഷ പ്രവർത്തനമായ 'ജലശ്രീ' അതുപോലെ വിശപ്പുരഹിത ജില്ല എന്ന സ്വപ്നം സാക്ഷാത്കരിക്കുന്ന പദ്ധതിയായ പാഥേയം, വിദ്യാജ്യോതി, അക്ഷരമാല, മാനസ തുടങ്ങിയ വിദ്യാഭ്യാസ മേഖലയിലെ പ്രർത്തനങ്ങൾ, സ്നേഹധാര, സ്നേഹസ്പർശം ഉൾപ്പെടെയുള്ള ആരോഗ്യമേഖലയിലെ നൂതന ആശയങ്ങൾ തുടങ്ങിയവ മുന്നോട്ടുവയ്ക്കാനും അതിലൂടെ സംസ്ഥാനത്തെ മികച്ച ജില്ലാപഞ്ചായത്തിനുള്ള അവാർഡും ഏറ്റവും മികച്ച ജനപ്രതിനിധിക്കുള്ള അവാർഡും തലസ്ഥാന ജില്ലയിൽ എത്തിക്കാനും കഴിഞ്ഞു

കാലികവും പ്രായോഗികവുമായ തിരുത്തലുകൾക്കും പരിഷ്കരണത്തിനും ഉതകും വിധം ഇനിയുള്ള ചുവടുവയ്പുകൾക്കുള്ള നിർദ്ദേശവും പിന്തുണയും എല്ലാവരിൽനിന്നും പ്രതീക്ഷിക്കുന്നു

സ്നേഹപൂർവ്വം

**വി.കെ.മധു**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

## ജില്ലാ പഞ്ചായത്ത് ഭരണസമിതി

**PRESIDENT**



V.K. Madhu

**VICE PRESIDENT**



Adv. A. Shailaja Beegam

**STANDING COMMITTEE CHAIRMAN/CHAIRPERSON**



B.P. Murali



V. Renjith



Adv. S.K. Preeja



Dr. C.S. Geetha Rajasekharan

## MEMBERS


Smitha. D


Adv. S.M. Razy


Y.V. Sobhakumar


Anad Jayan


Mayadevi


R.K. Ansajitha Ressel


Vichithra K.V.


Vijumohan


Adv. S.K. Bendarwin


Jose Lal G.


Sujitha M.


Lathakumari


Sobhakumari


Remakumari V.R.


Ushakumari


Radhadevi S.


M. Jaleel


S. Kavitha


Adv. R. Sreekandan Nair


S. Krishnankutty


V. Subhash
(Secretary)




മികച്ച ജനപ്രതിനിധിക്കുള്ള പ്രഥമ പ്രതിഭ പുരസ്കാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി കെ മധു ബഹു: മന്ത്രി എ സി മൊയ്ദീനിൽ നിന്ന് ഏറ്റു  വാങ്ങുന്നു

# ഹരിതം
# ഹരിതാഭം
# ഹരിതകേരളം

ജനകീയാസൂത്രണ രംഗത്ത് സമാനതകളില്ലാത്ത വികസന മാതൃകകളാണ് തിരുവന്തപുരം ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഉത്പാദന രംഗത്ത് വിശേഷിച്ചും കാർഷിക മേഖലകളിലും അനുബന്ധ മേഖലകളിലും ഒട്ടേറെ നൂതനങ്ങളായ പ്രോജക്ടുകൾ വിജയകരമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്. കൃഷി, ജലസേചനം, ജലസംരക്ഷണം, മണ്ണ് സംരക്ഷണം എന്നീ മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ തിരുവനന്തപുരം ജില്ലാപഞ്ചായത്തിന് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.



# ജലശ്രീ

**സമ്പൂർണ്ണ ജലസുരക്ഷ പദ്ധതി**

"മണ്ണും മനസ്സും നിർമ്മലമാകട്ടെ
മഴയും പുഴയും സ്വന്തമാകട്ടെ"

## ജലശ്രീ

പാഴായി പോകുന്ന മഴയും മലിനമായികൊണ്ടിരിക്കുന്ന പുഴകളും നമ്മുടെ ജലസ്ത്രോതസ്സുകളുടെമേൽ മരണമണി മുഴക്കിക്കൊണ്ടിരിക്കുന്നു. മഴയും പുഴയും മണ്ണും ജലവും സംരക്ഷിക്കാനും മാലിന്യക്തമാക്കാനും ഒരു ജലസാക്ഷരത തന്നെ മലയാളിക്ക് ആവശ്യമായി തീർന്നിരിക്കുന്നു. ഈ ലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പ്പാണ് ജില്ലാ പഞ്ചായത്തിന്റെ ജലശ്രീ പദ്ധതി.

ത്രിതല പഞ്ചായത്തുകളുടെ സമ്പൂർണ്ണ സഹകരണ ത്തോടെ ജില്ലയിലെ സർക്കാർ, എയിഡഡ്, അൺ എയിഡഡ് മേഖലകളിലെ 840 സ്കൂളുകളിലും ജില്ലാപഞ്ചായത്ത് പരിധിയിൽ വരുന്ന പട്ടികജാതി കുടുംബങ്ങൾക്കും കിണർ റീചാർജ്ജിംഗ് നടത്തുന്നതിനു പുറമെ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി യോജിപ്പിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലയിലെ മുഴുവൻ കിണറുകളും റീചാർജ്ജ് ചെയ്യുവാനുള്ള പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്. ഈ പദ്ധതിയിലൂടെ ജില്ലയിൽ ഒരുലക്ഷത്തോളം മഴക്കുഴികൾ നിർമ്മിക്കാനും രണ്ടായിരത്തിലധികം ഫാം പോണ്ടുകൾ നിർമ്മിക്കുവാനും സാധിച്ചു.







## ജൈവസമൃദ്ധി

**തരിശുരഹിത ജില്ലയിലേക്ക്**

തിരുവനന്തപുരം ജില്ലയിലെ 133 ഹെക്ടർ തരിശ് നിലം/കരഭൂമി തെരഞ്ഞെടുക്കപ്പെട്ട കർഷക ഗ്രൂപ്പുകൾ വഴി കൃഷിക്ക് ഉപയുക്തമാക്കുന്ന പദ്ധതിയാണിത്. ഇതിലൂടെ തിരുവനന്തപുരം ജില്ലയെ തരിശുരഹിത ജില്ലയാക്കി മാറ്റുന്നതിനുള്ള പരിശ്രമമാണ് ജില്ലാ പഞ്ചായത്ത് നടത്തി വരുന്നത്.



## പച്ചക്കറി കൃഷി വ്യാപന പദ്ധതി

തിരുവനന്തപുരം ജില്ലാപഞ്ചായത്ത് കാർഷിക രംഗത്ത് ഏറ്റെടുത്തിട്ടുള്ള ഏറ്റവും ശ്രദ്ധേയമായ ഒരു പ്രോജക്ടാണ് ജൈവപച്ചക്കറി വ്യാപന പദ്ധതി. ജൈവസമൃദ്ധി എന്ന പേരിൽ ജില്ലയിലെ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ വിഷരഹിത പച്ചക്കറികളുടെ ഉൽപാദനം സാദ്ധ്യമാക്കി തീർക്കുവാൻ ഈ പദ്ധതിയിലൂടെ ജില്ലാപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.









# ഹരിതകേരളം

## കേദാരം

### സമഗ്ര നെൽകൃഷി വികസനം

തിരുവനന്തപുരം ജില്ലയിലെ 1000 ഹെക്ടറോളം വരുന്ന പാടശേഖരങ്ങളിൽ ഇരുപ്പൂ, മുണ്ടകൻ എന്നീ ഇനങ്ങൾ രണ്ട് സീസണുകളിലായി ആകെ 2000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നെൽകൃഷിയെ പരമാവധി പ്രോത്സാഹിപ്പിക്കുന്ന ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ പരിസ്ഥിതി സംരക്ഷണം, ജൈവവൈവിദ്ധ്യ സംരക്ഷണം, ജലസംരക്ഷണം എന്നിവ സാദ്ധ്യമായി. 2018-19 വർഷത്തിൽ മാത്രം 17 കോടി രൂപയാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനു വേണ്ടി വിനിയോഗിച്ചിട്ടുള്ളത്.










## ഹരിത ഭവനം

സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ഹരിതകേരളം മിഷന്റെ ലക്ഷ്യത്തെ ഉൾക്കൊണ്ടു കൊണ്ട് കാർഷിക മേഖലയിൽ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയാണ് ഹരിതഭവനം. ഏറ്റവും കുറഞ്ഞത് 10 സെന്റ് സ്ഥലവും വീടും കിണറുമുള്ള ഓരോ കുടുംബത്തേയും സുരക്ഷിത ഭക്ഷ്യ ഉത്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക എന്നതാണ് ലക്ഷ്യം. ഓരോ വീട്ടുവളപ്പിലും ഫലവൃക്ഷതൈകളും മഴവെള്ള സംഭരണിയും കിണർ റീചാർജ്ജിംഗും മാലിന്യ സംസ്കരണ യൂണിറ്റും സ്ഥാപിക്കുന്നതിന് പുറമേ 10 കോഴിയും അതിനുള്ള തടിക്കൂടും 25 ഗ്രോബാഗിൽ പച്ചക്കറിയും കറിവേപ്പില, പപ്പായ, വാഴ, കുരുമുളക്, ജാമ്പ, പേര, തെങ്ങ് തുടങ്ങിയവ നടുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പ്രോജക്ട്.



## കാർഷിക വിപണന കേന്ദ്രങ്ങൾ

കർഷകരുടെ ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും ജൈവഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുമുള്ള കേന്ദ്രങ്ങളാണ് കാർഷിക വിപണന കേന്ദ്രങ്ങൾ. കഴക്കൂട്ടത്തു നേരിട്ട് നടത്തുന്ന കാർഷിക വിപണന കേന്ദ്രം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കുറ്റിച്ചൽ, കോട്ടൂർ, പെരുങ്കടവിള, ആര്യങ്കോട്, അരുവിക്കര, മുരുക്കുംപുഴ, വെള്ളനാട്, കല്ലിയൂർ എന്നിവിടങ്ങളിൽ കാർഷിക വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും കാർഷിക ഉല്പ്പന്നങ്ങൾ ശേഖരിച്ച് ന്യായമായ വിലയ്ക്ക് വിൽപ്പന നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കാൻ ജില്ലാ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.


ജില്ലാപഞ്ചായത്തിന്റ കീഴിലുള്ള പെരിങ്ങമ്മല ജില്ലാകൃഷിത്തോട്ടം, സംസ്ഥാന വിത്തുൽപാദന കേന്ദ്രം, വലിയതുറ കോക്കനട്ട് നഴ്സറി, കഴക്കൂട്ടം കോക്കനട്ട് നഴ്സറി, ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാം എന്നിവയുടെ വികസനം സാധ്യമാക്കുവാനും കർഷകർക്ക് മികച്ച സേവനങ്ങൾ പ്രദാനം ചെയ്യുവാനും ജില്ലാപഞ്ചായത്തിനായിട്ടു്. ജില്ലാ കൃഷിതോട്ടത്തിൽ പരിശീലന കേന്ദ്രം, യന്ത്രവത്ക്കരണം എന്നിവയ്ക്ക് പുറമെ പഴം സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിനും ഫാം ടൂറിസത്തിന്റെ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്.




## മൃഗസമ്പത്ത് നാടിന്

ജില്ലയിലെ മൃഗസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും മൃഗസംരക്ഷണ രംഗത്ത് തൊഴിൽ ചെയ്തുവരുന്ന കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ഒട്ടേറെ പദ്ധതികൾക്ക് രൂപം കൊടുക്കുവാനും വിജയകരമായി നടപ്പിലാക്കുകയും ചെയ്തു.





# തണൽ

വിദ്യാർത്ഥികളിൽ കാർഷിക സംസ്കൃതിയക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിലും വിദ്യാലയങ്ങളിൽ 'തണൽ' എന്ന പേരിൽ ഫലവൃക്ഷതൈകൾ വിതരണം ചെയ്യുന്നതിലും ഔഷധ കൃഷിയുടെ വ്യാപനത്തിലും ജില്ലാപഞ്ചായത്ത് പ്രത്യേകം ശ്രദ്ധിച്ചിട്ടു്. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഈ ഭരണ സമിതി അധികാരമേറ്റെടുത്ത ശേഷം കാർഷിക മേഖലയ്ക്കും ജലസേചന മേഖലയ്ക്കും മാത്രമായി പദ്ധതി വിഹിതത്തിൽ നിന്നും 9,27,22,428/- രൂപ ചെലവഴിച്ചിട്ടുണ്ട്.



## മുട്ട ഉൽപ്പാദനം സ്വയംപര്യാപ്തതയിലേക്ക്

ജില്ലയിൽ മുട്ട ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിലേയ്ക്കായും, വരുമാന വർദ്ധനവ് സാദ്ധ്യമാക്കുന്നതിനുമായി 1000 ഗുണഭോക്താക്കൾക്ക് 5 പേരടങ്ങുന്ന ഗ്രൂപ്പടിസ്ഥാനത്തിൽ 200 ഗ്രൂപ്പുകൾക്ക് ഒരാളിന് മുട്ടയിടാറായ 10 കോഴി, കൂട്, 10 കിലോ തീറ്റ എന്നിവ നൽകുന്ന പദ്ധതി നടപ്പിലാക്കി.

## ഹാച്ചറി യൂണിറ്റ്

തിരുവനന്തപുരം ജില്ലയെ മുട്ട ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ ചെറ്റച്ചൽ ജഴ്സിഫാം മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്. മറുനാട്ടിൽ നിന്നും മടങ്ങിയെത്തിയശേഷം ജീവിതം വഴിമുട്ടി നിൽക്കുന്ന പ്രവാസികൾക്കും കർഷക ഗ്രൂപ്പുകൾക്കും ഉപജീവനാർത്ഥം സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ഡയറിഫാം/ബ്രോയിലർ ആരംഭിക്കുന്നതിനും മാസത്തിൽ 30000 കോഴി കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നതാണ് ഈ ഹാച്ചറി യൂണിറ്റ്. ചെറ്റച്ചൽ ജഴ്സി ഫാമിനോടനുബന്ധിച്ചാണ് ഹാച്ചറി യൂണിറ്റ് പ്രവർത്തിക്കുന്നത്.



## എ.ബി.സി. പ്രോഗ്രാം

തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനായി കുടുംബശ്രീ ജില്ലാമിഷൻ മുഖേന എ.ബി.സി. പ്രോഗ്രാം വിജയകരമായി നടപ്പിലാക്കി വരുന്നു. ജില്ലാപഞ്ചായത്ത് ജില്ലയിൽ 10 കേന്ദ്രങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ശസ്ത്രക്രിയായുണിറ്റുകൾ സ്ഥാപിച്ചു. ജില്ലാപഞ്ചായത്ത് കുടുംബശ്രീ മിഷനുമായി ചേർന്ന് ഒരു മൊബൈൽ യൂണിറ്റും സ്ഥാപിച്ചു.












**പാൽ ഉൽപ്പാദന രംഗത്ത് വിപ്ലവം സൃഷ്ടിച്ചുകൊണ്ട് ...**

## ഗ്രീൻ മിൽക്ക്

രാസപദാർത്ഥങ്ങൾ അടങ്ങിയ പാലിന്റെ ഉപയോഗം കൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് ശുദ്ധമായ പാൽ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് ഗ്രീൻ മിൽക്ക്. ആദ്യ ഘട്ടത്തിൽ ചെറ്റച്ചൽ ജഴ്സിഫാമിലെ പശുക്കളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന 1000 ലിറ്റർ പാൽ ശീതീകരിച്ച് 2000 കവറുകളിലായി നേരിട്ട് വിതരണം ചെയ്യുന്നു. വിതുര ജഴ്സി ഫാമിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുകയാണ്.






## ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്

ഒരു ഗുണഭോക്താവിന് കറവ പശുവിനെ വാങ്ങുന്നതിന് 40,000/- രൂപ ക്രമത്തിൽ ഒരു ക്ഷീരസംഘത്തിന് 2 ലക്ഷം രൂപ നൽകുന്നതാണ് പദ്ധതി. മൃഗസമ്പത്ത് വർദ്ധിപ്പിക്കുന്നതോടൊപ്പം വർഷം മുഴുവനും ക്ഷീര കർഷകന് വരുമാനം ലഭ്യമാക്കുന്നതിന് പലിശ രഹിത വായ്പ നൽകി സഹായിക്കുന്നു. വായ്പാ തുക നൽകുന്ന തീയതി മുതൽ ഒരോ മാസവും ഒരു നിശ്ചിത തുക പാൽ വിലയിൽ കുറവ് ചെയ്ത് സംഘം ഈടാക്കുകയും ആ തുക മറ്റ് ക്ഷീര കർഷകർക്ക് വായ്പയായി നൽകുകയും ചെയ്യുന്നു.

## ക്ഷീര സമൃദ്ധി

ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് സംസ്ഥാന ഗവൺമെന്റ് വിഹിതം, ഗ്രാമ ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവയോടൊപ്പം ഒരു ലിറ്റർ പാലിന് 4 രൂപ വരെ സബ്സിഡി ലഭിക്കുന്നതിന് ആവശ്യമായ തുക ജില്ലാപഞ്ചായത്തും വകയിരുത്തി നടപ്പിലാക്കിവരുന്നു. ക്ഷീര കർഷകരുടെ വരുമാന വർദ്ധനവിനും കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## കറവ പശുക്കൾക്ക് കാലിത്തീറ്റ

ക്ഷീര കർഷകരെ പ്രസ്തുത മേഖലയിൽ ഉറപ്പിച്ചു നിർത്തുന്നതിനും കൂടുതൽ ആദായകരമാക്കുന്നതിനും ക്ഷീര സംഘത്തിൽ നിന്നും പ്രതിമാസം 2 ചാക്ക് കാലിത്തീറ്റ ക്ഷീര കർഷകർ വാങ്ങുമ്പോൾ അതിൽ 1 ചാക്ക് കാലിത്തീറ്റ സബ്സിഡിയായി നൽകുന്നു. പരമാവധി 1 ഗുണഭോക്താവിന് പ്രതിവർഷം 10 ചാക്ക് കാലിത്തീറ്റ ഗുണനിലവാരമുള്ളതും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതുമായ കേരളാ ഫീഡ്സിൽ നിന്നോ, മിൽമയിൽ നിന്നോ വാങ്ങി ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നു.

## ഫാമുകൾ മികച്ച ഫോമിലേക്ക്

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള വിതുര ജഴ്സി ഫാം, ചെറ്റച്ചൽ ജഴ്സി ഫാം, പാറശ്ശാല പന്നി വളർത്തൽ കേന്ദ്രം എന്നീ ഫാമുകളെയെല്ലാം മികച്ച ഫോമിലേയ്ക്ക് എത്തിക്കുവാൻ ജില്ലാപഞ്ചായത്തിന് ആയിട്ടുണ്ട്. ഫാമുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പുറമെ നവീകരണ പ്രവർത്തനങ്ങളിലും മൃഗസമ്പത്ത് വർദ്ധിപ്പിക്കുന്ന കാര്യത്തിലും ആയതിനെല്ലാം ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും ജില്ലാപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.






## മത്സ്യ ബന്ധനം

മത്സ്യ ബന്ധനമേഖലയിൽ പ്രവർത്തിച്ചു വരുന്നവരുടെ വരുമാന വർദ്ധനവിനും ഉത്പാദന വർദ്ധനവിനും ഉതകുന്ന തരത്തിലുള്ള നിരവധി പദ്ധതികൾക്ക് ജില്ലാപഞ്ചായത്ത് രൂപം നൽകി നടപ്പിലാക്കിയിട്ടുണ്ട്.



- വനിതാ മത്സ്യ തൊഴിലാളി സ്വയം സഹായസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്
- ഉൾനാടൻ മത്സ്യ കൃഷി വികസനത്തിന് 'കൂട് ' കൃഷി
- മത്സ്യ വിപണനം നടത്തുന്നവർക്ക് ഐസ് ബോക്സ് വിതരണം
- മത്സ്യ തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഫർണിച്ചർ
- മത്സ്യത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും പരിശീലനവും

അനുദിനം ശോഷിച്ചുവരുന്ന മത്സ്യത്തിന്റെ അളവ് സന്തുലിതമായി നിലനിർത്തുന്നതിനുവേി പൊതു സ്വകാര്യ ജലാശയങ്ങളിൽ പൂമീൻ, കരിമീൻ, ചെമ്മീൻ, റോഹു, കട്‌ല, മൃഗാൾ, ഗ്രാസ് കാർപ്പ്, തുടങ്ങിയ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി തുടങ്ങിയ ഒട്ടനവധി പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു..

# പരമ്പരാഗത വ്യവസായങ്ങൾക്ക് ഒരു കൈതാങ്ങ്

തിരുവനന്തപുരം ജില്ലയിൽ ഖാദി, നെയ്ത്ത് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിൽ ലഭിക്കുന്നതിനും വരുമാന വർദ്ധനവിനും ഉതകുന്ന തരത്തിലുള്ള നിരവധി വികസന പദ്ധതികൾ ജില്ലാപഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഖാദി നൂൽപ്പ് യൂണിറ്റ്, ഒറ്റശേഖരമംഗലം ഖാദി ഡൈയിംഗ് യൂണിറ്റ് വികസനം, ഖാദി യൂണിറ്റുകൾക്ക് ചർക്ക നൽകൽ, സിൽക്ക് നെയ്ത്ത് യൂണിറ്റ്, മണ്ണാംകോണം അരുവിക്കര ഖാദി കോംപ്ലക്സുകളുടെ സൗകര്യമൊരുക്കൽ എന്നിവയ്ക്കു പുറമെ ഖാദി തൊഴിലാളികൾക്ക് ജോലി ചെയ്യുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങളും സജ്ജമാക്കിയിട്ടുണ്ട്.





അരുവിക്കര കൈത്തറി നെയ്ത്ത് സഹകരണ സംഘം, കളമച്ചൽ കൈത്തറി നെയ്ത്ത് സഹകരണ സംഘം എന്നിവയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകിയതിനു പുറമേ പവർലൂം സംഘങ്ങൾക്ക് നൂൽ വിതരണത്തിന് മാത്രം 28 ലക്ഷം രൂപയും ചെലവഴിച്ചിട്ടുള്ളതാണ്. അരുവിക്കരയിൽ ഖാദി കൈത്തറി യൂണിറ്റുകൾ ആധുനികവൽക്കരിച്ച് വ്യവസായ കേന്ദ്രം സ്ഥാപിക്കാൻ കഴിഞ്ഞു.





## സാമൂഹ്യക്ഷേമം

*സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ടവരും, വിവിധങ്ങളായ സഹായങ്ങൾക്ക് അർഹരായവരെയും കണ്ടെത്തുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുന്നതിനും ജില്ലാപഞ്ചായത്ത് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.*

## ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന

തിരുവനന്തപുരം ജില്ലയിലെ ഭിന്ന ശേഷിക്കാരായ മുഴുവൻ പേരെയും കണ്ടെത്തുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് പൊതു സമൂഹത്തിൽ സാധാരണ ജീവിതം നയിക്കുന്നതിനും പര്യാപ്തമായ ഒട്ടേറെ പദ്ധതികൾ ജില്ലാപഞ്ചായത്ത് വിജയകരമായി നടപ്പിലാക്കിയി ട്ടുണ്ട്. കാഴ്ചയില്ലാത്ത സ്ത്രീകൾക്ക് തൊഴിൽ സംരംഭങ്ങൾ, കേൾവി ശക്തിയില്ലാത്തവർക്ക് തൊഴിൽ സംരംഭങ്ങൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകൾക്കും പുരുഷൻമാർക്കും മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടർ തുടങ്ങി നിരവധി പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞു.



## സ്നേഹ സ്പർശം

മാനസിക ശാരീരിക വെല്ലുവിളകൾ നേരിടുന്ന വിദ്യാർത്ഥികളെ പ്രത്യേകമായി പരിഗണിച്ചുകൊണ്ട് അവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനും അതിലൂടെ ഭാവി ജീവിതം ശോഭനമാക്കുന്നതിനും ഉതകുന്ന തരത്തിൽ സ്കോളർഷിപ്പ് നൽകുന്നതിനുള്ള ബൃഹത്തായ ഒരു പദ്ധതിക്ക് ജില്ലാപഞ്ചായത്ത് രൂപം നൽകി. ഒരു വർഷം 28500 രൂപ സ്കോളർഷിപ്പ് നൽകുന്നു. ജില്ലയിൽ 3012 കുട്ടികൾക്കാണ് ഈ സഹായം ലഭിച്ചുവരുന്നത് അതിന് പുറമെ ഭിന്നശേഷി കുട്ടികൾക്ക് പഠന സഹായി, ലാപ്ടോപ്പ്, കംമ്പ്യൂട്ടറുകൾ എന്നിവയും വിതരണം ചെയ്തു.





## അശരണർക്ക് തുണയേകി

*ആധുനിക കാലത്ത് വൃദ്ധരുടെയും അഗതികളുടെയും സംരക്ഷണം ഏറ്റവും വലിയ വെല്ലുവിളിയായി മാറിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെ അഗതികളുടെയും വൃദ്ധരുടെയും സംരക്ഷണത്തിൽ ജില്ലാപഞ്ചായത്ത് സവിശേഷമായ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളതും ജില്ലാപഞ്ചായത്തിൻ കീഴിൽ പ്രവർത്തിച്ചു വരുന്ന വെഞ്ഞാറമൂട് കെയർഹോം, കൊറ്റാമം സാഫല്യം അഗതി മന്ദിരം, ആനാട് വൃദ്ധസദനം, അണ്ടൂർക്കോണം പകൽവീട് എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഫലപ്രദമായതും മെച്ചപ്പെട്ടതുമായ പ്രവർത്തനങ്ങൾക്കു ആവശ്യമായ തുക വകയിരുത്തുകയും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.*

## പാഥേയം

ഒരുനേരമെങ്കിലും ആഹാരം കഴിക്കാൻ മാർഗ്ഗമില്ലാത്തവരെ സർവ്വേയിലൂടെ കണ്ടെത്തി കുടുംബശ്രീ മുഖാന്തിരം പൊതിച്ചോറ് തയ്യാറാക്കി ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിച്ചു കൊടുക്കുന്ന ജില്ലാപഞ്ചായത്തിന്റെ മഹത്തരവും, ഉദാത്തവുമായ പദ്ധതിയാണ് പാഥേയം. ജില്ലയിലാകെ 5000 ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയിലൂടെ കൃത്യമായ സമയത്ത് ഭക്ഷണം നൽകി വരുന്നു. നാളിതുവരെ ഈ പദ്ധതിക്കായി 3,25,00,000/- രൂപ ജില്ലാപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. വരും വർഷങ്ങളിലും ഗ്രാമപഞ്ചായത്തുകളുടെ സഹായത്തോടെ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഫലപ്രദമായി പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരികയാണ്.



## സമന്വയ പുതിയ കാലത്തിൻറെ കാൽവയ്പ്പ്

ട്രാൻസ്ജെൻഡേഴ് സിന്റെ സാമൂഹ്യ പുരോഗതിക്കു വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിയ സവിശേഷ പദ്ധതിയാണ് സമന്വയ. പാർശ്വവത്കരിക്കപ്പെട്ട ഈ വിഭാഗത്തിന് സ്വയം തൊഴിലിലൂടെ വരുമാന വർദ്ധനവ് ഉറപ്പാക്കി ജീവിത സുരക്ഷ കൈവരിക്കുന്നതിന് കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ മുഖേന ഗ്രൂപ്പുകൾക്ക് പരിശീലനം നൽകി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ധനസഹായം നൽകി വരുന്നു.



# ആരോഗ്യ മേഖല



ജില്ലയിലെ ആരോഗ്യ പരിപാലന പ്രവർത്തനങ്ങളെയാകെ ഏകോപിപ്പിച്ചുകൊണ്ട് സർവ്വതല സ്പർശിയായ നയസമീപനമാണ് ജില്ലാപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളത്. കുട്ടികൾ, മുതിർന്നവർ, സ്ത്രീകൾ തുടങ്ങി എല്ലാ മേഖലയിലുള്ളവർക്കും, അതുപോലെ വിവിധങ്ങളായ രോഗങ്ങൾക്ക് അടിമപ്പെട്ട് പോയവർക്കും ഒരുപോലെ ഗുണപ്രദമായിട്ടുള്ള പദ്ധതികളാണ് ജില്ലപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

മാത്രവുമല്ല അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി കൂടാതെ പാലിയേറ്റീവ് രംഗങ്ങളിലടക്കം ജനശ്രദ്ധയാകർഷിച്ചതും രോഗീസൗഹൃദവുമായിട്ടുള്ള പ്രോജക്ടുകൾക്കാണ് രൂപം കൊടുത്തിട്ടുള്ളത്.

അലോപ്പതി ചികിത്സാ രംഗത്ത് പകർച്ച വ്യാധി നിയന്ത്രണം, ജില്ലാ സെറോളജി ലാബ് സജ്ജീകരിക്കലും നടത്തിപ്പും, ഡയാലിസിസ് യൂണിറ്റുകൾ, ക്യാൻസർ രോഗം നേരത്തേ കണ്ടെത്താനുള്ള പരിശ്രമം എന്നിവയ്ക്കു പുറമെ ക്ഷയരോഗികൾക്ക് പോഷകാഹാരം, എച്ച് ബാധിതരായ കുട്ടികൾക്കുള്ള പോഷകാഹാരം, മുതിർന്നവർക്കുള്ള പോഷകാഹാരം തുടങ്ങിയ മാനുഷിക മുഖമുള്ള പ്രോജക്ടുകൾ ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

## ക്ഷയരോഗികൾക്കുള്ള പോഷകാഹാരം

ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി ജില്ലയിൽ റ്റി.ബി. സെന്ററിന് കീഴിലുള്ള മേജർ ഹോസ്പിറ്റൽ ആസ്ഥാനമായി 7 റ്റി.ബി. യൂണിറ്റുകളും ഇവയുടെ ഓരോ യൂണിറ്റിനും 15 മുതൽ 21 വരെ ഹെൽത്ത് യൂണിറ്റുകളും ഉൾപ്പെടുന്നു. ജില്ലയിൽ ശരാശരി 2000 രോഗികൾ ക്ഷയരോഗ ചികിത്സയ്ക്ക് വിധേയരാകുന്നു. ക്ഷയരോഗ ചികിത്സയുടെ കാലയളവ് 6 മുതൽ 9 മാസം വരെയും ഡി.ആർ.റ്റി.ബി. രോഗിയുടെ ചികിത്സാ കാലയളവ് 24 മുതൽ 28 വരെയുമാണ്.



## എച്.ഐ.വി ബാധിതർക്ക് തണലേകി

ജില്ലയിലെ എച്ച്.ഐ.വി. ബാധിതരെ സംബന്ധിച്ചുള്ള വിവരങ്ങളിൽ രഹസ്യസ്വഭാവം നിലനിർത്തികൊണ്ട് കേരളാ എയിഡ്സ് കൺട്രോൾ സൊസൈറ്റി അംഗീകരിച്ച എച്ച്.ഐ.വി. ബാധിതരുടെ കൂട്ടായ്മയായ റ്റി.ഡി.എൻ.പി. മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നു.

സമൂഹം മുഖം തിരിഞ്ഞു നിൽക്കുന്ന ഒരു വിഭാഗം കുട്ടികളെ അംഗീകരിച്ച് അവർക്ക് ജീവിക്കാനുള്ള ആത്മധൈര്യം ഉണ്ടാക്കി എടുക്കുവാൻ കുട്ടിക്കിൾക്കുള്ള പോഷകാഹാര പദ്ധതിയിലൂടെ കഴിഞ്ഞു.

## സ്നേഹം മെഡിക്കൽ പാലിയേറ്റീവ് സർവ്വീസ് സൊസൈറ്റി

ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ചാരിറ്റബിൾ ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനമാണ് സ്നേഹം മെഡിക്കൽ പാലിയേറ്റീവ് സർവീസ് സൊസൈറ്റി.

സെക്കന്ററി പാലിയേറ്റീവ് കെയർ പ്രവർത്തനത്തിന്റെ ഭാഗമായി മെച്ചപ്പെട്ട രോഗീ പരിചരണം നടത്തുന്നതിനുവേണ്ടി ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണ ത്തിലുള്ള ആശുപത്രികളിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ പാലിയേറ്റീവ് വാർഡുകൾ സജ്ജീകരിക്കുകയാണ്. പട്ടം താണുപിള്ള സ്മാരക ഗവ. ജില്ലാ ഹോമിയോ ആശുപത്രി, പാലോട് സി.എച്ച്.സി, നെടുമങ്ങാട് ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ സെക്കന്ററി പാലിയേറ്റീവ് വാർഡുകളുടെ സജ്ജീകരണം നടന്നുവരുന്നു.



## സ്നേഹം മെഡിക്കൽസ്

സ്നേഹം പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ നിയന്ത്രണത്തിലും ചുമതലയിലും ന്യായമായ വിലയ്ക്ക് ജീവൻ രക്ഷാ ഔഷധങ്ങളും അനുബന്ധ സാധനങ്ങളും വിൽപന നടത്തുന്നതിലേയ്ക്കായി ജില്ലയിലെ വിവിധ ആശുപത്രി കോമ്പൗണ്ടുകളിൽ 8 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു.






തിരുവനന്തപുരം ജില്ലാപഞ്ചായത്തിനു കീഴിൽ നെടുമങ്ങാട്, പേരൂർക്കട, നെയ്യാറ്റിൻകര എന്നീ ജില്ലാ ആശുപത്രികൾ പ്രവർത്തിച്ചു വരുന്നു.

## നെടുമങ്ങാട് ജില്ലാ ആശുപത്രി

നെടുമങ്ങാട് ജില്ലാ ആശുപത്രിയുടെ ദൈനംദിന ചെലവുകൾക്കു പുറമെ ഫർണീച്ചർ വാങ്ങൽ, പവർ ലാൺട്രി സ്ഥാപിക്കൽ മൊബൈൽ ഡയാലിസിസ് യൂണിറ്റ്, ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കൽ, ജനറേറ്റർ, ഇൻവെർട്ടർ സ്ഥാപിക്കൽ എന്നിവ വിജയകരമായി പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഓപ്പറേഷൻ തിയേറ്റർ നവീകരണം, എക്സ്റേ യൂണിറ്റ്, ഓഫ്താൽമോളജി കോംപ്ലക്സ് നിർമ്മാണം തുടങ്ങിയ ഒട്ടനവധി മരാമത്തു പ്രവൃത്തികൾ പൂർത്തീകരിക്കുവാനും ഇക്കാലയളവിൽ സാധിച്ചിട്ടുണ്ട്. ഈ ഭരണ സമിതി അധികാരമേറ്റശേഷം നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ 6 കോടി 69 ലക്ഷത്തി എൻപത്തി ഒന്നായിരത്തി എഴുനൂറ്റി എൻപത്തിയേഴ് രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ സാധിച്ചു. നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ഞഇഇ യുമായി ചേർന്ന് കാൻസർ കെയർ യൂണിറ്റും സ്ഥാപിച്ചു.





## പേരൂർക്കട ജില്ലാ ആശുപത്രി

പേരൂർക്കട ജില്ലാ ആശുപത്രിയിലും ദൈനംദിന ചെലവുകൾക്കു പുറമെ ഡിജിറ്റൽ എക്സ്റേ യൂണിറ്റ്, ബയോഗ്യാസ് പ്ലാന്റ്, എക്സ്റേ കെട്ടിടത്തിന്റെ നവീകരണം, പവർ ലോൺട്രി നിർമ്മാണം, ഓപ്പറേഷൻ തിയേറ്റർ മെയിന്റനൻസ്, മെറ്റേർണിറ്റി ബ്ലോക്ക് നവീകരണം ഉൾപ്പെടെ ഒട്ടനവധി വികസന പ്രവർത്തനങ്ങളിലൂടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകര ജില്ലാ ആശുപത്രി

സമീപ കാലത്തായി തിരുവനന്തപുരം ജില്ലാപഞ്ചായത്തിന് വിട്ടുകിട്ടിയ നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയുടെ നവീകരണത്തിനും വികസനത്തിനും പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ വിമുക്തിയുമായി ചേർന്ന് ലഹരി വിമുക്ത കേന്ദ്രവും സ്ഥാപിച്ചു.

**ആയുർവ്വേദ മേഖലയിലെ ഒട്ടനവധി പ്രവർത്തനങ്ങൾ ശ്രദ്ധേയമായ രീതിയിൽ നടപ്പിലാക്കുവാൻ ജില്ലാപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. മഴക്കാല പ്രതിരോധ പ്രവർത്തനങ്ങൾ, പകർച്ചവ്യാധി പ്രതിരോധം, പട്ടികജാതി, പട്ടികവർഗ്ഗ മേഖലകളിൽ മെഡിക്കൽ ക്യാമ്പുകൾ എന്നിവയ്ക്കുപുറമെ സംസ്ഥാനത്താകമാനം ശ്രദ്ധ നേടിയ ഒരു പദ്ധതിയാണ് സ്നേഹധാര.**



## സ്നേഹധാര

തിരുവനന്തപുരം ഗവ. ആയുർവ്വേദ കോളേജിലെ ബാല ചികിത്സാ വിഭാഗവുമായി ചേർന്നുകൊ് തിരുവനന്തപുരം ജില്ലാപഞ്ചായത്ത് നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിയാണ്. 12 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളിലെ വളർച്ചാ വൈകല്യങ്ങൾ കണ്ടെത്തുവാനും ഉചിതമായ ചികിത്സാ വിധികളിലൂടെ അവ പരിഹരിക്കുന്നതിനുമാണ് ഈ ആയുർവേദ ചികിത്സാ പദ്ധതി ലക്ഷ്യമിടുന്നത്. വളർച്ചാ വൈകല്യങ്ങൾ ശിശുക്കളെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗുരുതരമായ അവസ്ഥാ വിശേഷമാണ്. ഭിന്നശേഷിയുള്ള ഇത്തരം കുട്ടികൾ കുടുംബത്തിനും സമൂഹത്തിനും തീരാദുഖമാണ്. ആയുർവ്വേദ

ചികിത്സാ രീതികളോടൊപ്പം ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, ബിഹേവിയറൽ തെറാപ്പി മുതലായവ സംയോജിപ്പിക്കുന്നതു വഴി കുട്ടികളിലെ ശാരീരികവും മാനസികവുമായ തകരാറുകൾ നിയന്ത്രണ വിധേയമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.



## ജില്ലാ ആയുർവ്വേദ ആശുപത്രി വർക്കല

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള വർക്കല ആയുർവ്വേദ ആശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും രോഗീ സൗഹൃദമാക്കുന്നതിനും മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും ആവശ്യമായിട്ടുള്ള മുഴുവൻ പ്രവർത്തനങ്ങളും ഇക്കാലയളവിനുള്ളിൽ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ഫണ്ടുകൾക്കു പുറമെ ജില്ലാപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നേത്ര വിഭാഗത്തിന് ഉപകരണങ്ങൾ വാങ്ങൽ, സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കൽ, ഡിജിറ്റൽ എക്സ്റേ യൂണിറ്റ്, ഔഷധ സസ്യ കൃഷി, കിടപ്പുരോഗികൾക്കുള്ള സൗകര്യമൊരുക്കൽ, ഇലക്ട്രിഫിക്കേഷൻ, ഡ്രെയിനേജ് സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി എന്നിവയ്ക്കായി 1,74,41,832/- രൂപ ചെലവഴിച്ചിട്ടുണ്ട്. മരുന്നു വാങ്ങലിന് മാത്രമായി 1,53,81,076/-രൂപ ചെലവഴിച്ചിട്ടുണ്ട്.

ഹോമിയോ ചികിത്സാ രംഗത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ജില്ലാപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. പകർച്ച വ്യാധികൾക്കെതിരെ ഹോമിയോ മരുന്നുകളുടെ വിതരണവും സ്കൂളുകളിൽ ആയുഷ് പദ്ധതിയുടെ നടപ്പിലാക്കലും വിജയകരമായി പൂർത്തീകരിക്കുവാൻ സാധിച്ചു.

## പട്ടം താണുപിള്ള ജില്ലാ ഹോമിയോ ആശുപത്രി

തിരുവനന്തപുരം ജില്ലാപഞ്ചായത്തിനു കീഴിലുള്ള ജില്ലാ ഹോമിയോ ആശുപത്രിയുടെ ദൈനംദിന ചെലവുകൾക്കു പുറമെ മരുന്നു വാങ്ങൽ, ലാബ് റീഏജന്റ് വാങ്ങൽ, വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ, ഇ.സി.ജി. മെഷീൻ, ജനറേറ്റർ എന്നിവ സ്ഥാപിക്കൽ, യോഗാ ഹാളിൽ സൗകര്യമൊരുക്കൽ, ലാബ് ഫാർമസി റൂമുകൾ നവീകരിക്കൽ ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 1,38,60,773/- രൂപ ചെലവഴിക്കുകയുണ്ടായി. മരുന്നു വാങ്ങലിനു മാത്രമായി 35 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്നു ചെലവഴിച്ചിട്ടുണ്ട്.

## സ്കൂളുകളിൽ ആയുഷ് പദ്ധതി

ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും കുട്ടികളിലെ പഠന വൈകല്യങ്ങൾ കണ്ടെത്തുകയും സ്വഭാവ വൈകല്യങ്ങൾ മനസ്സിലാക്കുകയും, ആയത് പരിഹരിക്കുന്നതിനുള്ള ബോധവത്ക്കരണ ക്ലാസ്സുകളും ലഹരി വിരുദ്ധ ക്യാമ്പയിനുകളും തുടർ പ്രവർത്തനങ്ങളും യോഗ അഭ്യസിപ്പിക്കലും, നാച്ചുറോപ്പതി പ്രകാരമുള്ള ഭക്ഷണ രീതികൾ കുട്ടികളെ പഠിപ്പിക്കലും അനുബന്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുമാണ് ആയുഷ് പദ്ധതി കൊണ്ട് ലക്ഷ്യമിട്ടത്.



# വിദ്യാഭ്യാസ മേഖല

പൊതുവിദ്യാഭ്യാസത്തിന് ഉണർവേകി
വിസ്മയകരമായ വികസനക്കുതിപ്പ് ...

## നൂറുമേനി പ്രതീക്ഷിച്ച്...
## വിദ്യാജ്യോതി



SSLC ഹയർ സെക്കന്ററി റിസൾട്ട് 100 ശതമാനമാക്കാൻ ലക്ഷ്യമിടുന്നു. ഉള്ളടക്കത്തെ ലളിതമായി അവതരിപ്പിച്ചും കഠിനമായ ആശയങ്ങളെ വിദ്യാർത്ഥികൾക്ക് ഇണങ്ങുംവിധം വ്യാഖ്യാനിച്ചും പരീക്ഷാ കേന്ദ്രീകൃത ചോദ്യങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പഠന ബോധന സഹായി അച്ചടിച്ച് എല്ലാ വിദ്യാലയങ്ങളിലും പഠനത്തിന് പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി എത്തിച്ചു. മുഴുവൻ കുട്ടികളെയും പഠന നേട്ടത്തിന് ഉടമകളാക്കുക എന്ന

ലക്ഷ്യതോടെ തയ്യാറാക്കപ്പെട്ട വിദ്യാജ്യോതി കൈപുസ്തകത്തിലെ പ്രവർത്തനങ്ങൾ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾക്ക് ഒപ്പവും അധിക സമയം കണ്ടെത്തിയും നൽകാവുന്ന തരത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്.

ഓരോ യൂണിറ്റ് കഴിയുമ്പോഴും കുട്ടിയുടെ പഠന പുരോഗതി വിലയിരുത്തി മാതൃകയിലുള്ള മൂല്യ നിർണ്ണയ ഉപാധികൾ അവലംബിച്ച് പത്താം ക്ലാസ്സിൽ പഠിക്കുന്ന എല്ലാ കുട്ടികളുടെയും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രതീക്ഷിത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടിയും തയ്യാറാക്കിയ പദ്ധതിയാണിത്.







# അക്ഷരമാല

അഞ്ച് ആറ് ക്ലാസ്സുകളിൽ ഭാഷാ - ഗണിത വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരുടെ പഠന പുരോഗതിയ്ക്കായി ജില്ലാപഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയാണിത്. ഹിന്ദി, ഇംഗ്ലീഷ്, കണക്ക്, മലയാളം എന്നീ വിഷയങ്ങളിൽ കൈപ്പുസ്തകങ്ങൾ തയ്യാറാക്കി കുട്ടികൾക്ക് അധിക ബോധന ക്ലാസ്സുകൾ നൽകി ഈ പദ്ധതിയുടെ ഭാഗമാക്കി കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞു.




# രക്ഷ

## സ്ത്രീ ശാക്തീകരണത്തിന് പുതിയ കർമ്മ പദ്ധതി ലോക ഗിന്നസ് റെക്കോർഡ്



സമൂഹത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങളെ സ്വയം പ്രതിരോധിക്കുവാനും കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നതിനും തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയാണ് 'രക്ഷ'. ജില്ലപഞ്ചായത്ത് പരിധിയിലുള്ള 125 സർക്കാർ-എയിഡഡ് സ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലെ പെൺകുട്ടികൾക്കാണ് ഈ പദ്ധതി പ്രകാരം കരാട്ടെ പരിശീലനം നൽകിയത്. തിരുവനന്തപുരം കാര്യവട്ടത്തുള്ള ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ പരിശീലനം നേടിയ കുട്ടികളുടെ കരാട്ടെ പ്രകടനം ലോക ശ്രദ്ധയാകർഷിക്കുകയും ഗിന്നസ് റെക്കോർഡിൽ സ്ഥാനം പിടിക്കുകയും ചെയ്തു.





# ഗ്രന്ഥപ്പുര

ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിലെ ലൈബ്രറി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ജില്ലാപഞ്ചായത്ത് ലൈബ്രേറിയൻമാരെ നിയമിച്ച് ഓണറേറിയം നൽകുകയും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ റഫറൻസ് പുസ്കകങ്ങൾ ലഭ്യമാക്കുന്നതിനു വേ നടപ്പിലാക്കിയ പദ്ധതിയാണ് ഗ്രന്ഥപ്പുര. ജില്ലാപഞ്ചായത്ത് തെരഞ്ഞെടുക്കുന്ന നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള ലൈബ്രേറിയൻമാരെ വിദ്യാഭ്യാസ ഉപഡയറക്ടർ സ്കൂളുകളിൽ നിയോഗിക്കുന്നു.

സ്കൂളുകളിൽ ലൈബ്രറി സൗകര്യം നിലവിലുണ്ടെങ്കിലും പുസ്തകങ്ങൾ ശാസ്ത്രീയമായി സജ്ജീകരിക്കാത്തതിനാലും യഥാവിധി വിതരണം ചെയ്യാത്ത തിനാലും കുട്ടികൾക്ക് പ്രയോജനപ്പെടുംവിധം അവ ഉപയോഗിക്കുവാൻ കഴിയാത്ത സ്ഥിതിയാണ് ഉണ്ടായിരുന്നത്. ഈ പ്രശ്നത്തിന് പരിഹാരം നേടുന്നതിന് ഗ്രന്ഥപ്പുര പ്രോജക്ടിലൂടെ സാധിച്ചിട്ടുണ്ട്.

കുട്ടികളിൽ വായനാശീലം വളർത്തൽ, നല്ല പുസ്തകങ്ങൾ തെരഞ്ഞെടു ക്കുന്നതിനും, വായിച്ച പുസ്തകങ്ങളെ സംബന്ധിച്ച് ചർച്ച സംഘടിപ്പിക്കുന്നതിനും ആസ്വാദന കുറിപ്പ് തയ്യാറാക്കുന്നതിനും കുട്ടികൾക്ക് പരമാവധി ഈ പ്രോജക്ട് പ്രയോജനപ്പെടുകയുണ്ടായി.

## കലയും സംസ്കാരവും

കലാ സാംസ്കാരിക പ്രവർത്തനങ്ങളുടെയും കായിക പ്രവർത്തനങ്ങളുടെയും ഉന്നമനത്തിനായി നിരവധി പ്രോജക്ടുകൾ നടപ്പിലാക്കി വിജയം കൈവരിക്കുവാൻ ജില്ലാപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ജില്ലയിൽ 58 ൽ അധികം ഗ്രന്ഥശാലകൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ചു നൽകുവാൻ ജില്ലാപഞ്ചായത്ത് 6 കോടിയിലധികം രൂപ ചെലവഴിച്ചിട്ടുണ്ട്.

ജില്ലയിൽ 50 ലൈബ്രറികൾക്ക് പുതിയതായി കെട്ടിടം നിർമിച്ചുനൽകുകയും 200 ലൈബ്രറികൾക്കു പുസ്തകങ്ങളും ഫർണിച്ചറുകളും നൽകുകയും ചെയ്തു.



സുരക്ഷിതമായ പാലിനും ആരോഗ്യമുള്ള പശുവിനും...
കേരള ഫീഡ്സ്
സമീകൃത കാലിത്തീറ്റ
കേരള സർക്കാർ സംരംഭം
കേരമിൻ
സ്പെഷ്യൽ | ഓർഗാനിക്
പോഷകക്കമ്മി പരിഹരിക്കുന്നതിനും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രത്യേക ധാതുലവണ മിശ്രിതങ്ങൾ
കേരള ഫീഡ്സ് എലൈറ്റ്
അത്യുൽപ്പാദനശേഷിയുള്ള പശുക്കൾക്കുള്ള പോഷക സമ്പുഷ്ട കാലിത്തീറ്റ
കേരള ഫീഡ്സ് മിടുക്കി
മികച്ച പാലുത്പാദനത്തിനും കൂടുതൽ ആരോഗ്യത്തിനുമുള്ള പ്രീമിയം കാലിത്തീറ്റ
കേരള ഫീഡ്സ് റിച്ച്
6 മാസം മുതൽ പ്രായമുള്ള എല്ലാ കന്നുകാലികൾക്കുമുള്ള കാലിത്തീറ്റ
കെ.എഫ്. മലബാറി
പ്രീമിയം ഗോട്ട് ഫീഡ്
കേരള ഫീഡ്സ് TMR
സമ്പുഷ്ടീകരിച്ച വൈക്കോൽ അധിഷ്ഠിത സമീകൃതാഹാരം
KERALA FEEDS LTD.
A GOVT. OF KERALA UNDERTAKING
Feeds Nagar, Kallettumkara, Thrissur-680 683.
Customer Care cell: Ph: 9447490114, 0480 2727104.
Email: marketing@keralafeeds.com Web: www.keralafeeds.com
KALLETTUMKARA - THRISSUR ♦ KARUNAGAPPALLY - KOLLAM ♦ CHEMMENCHERY-KOZHIKODE ♦ ATHAVANAD - MALAPPURAM ♦ MUTHALAMADA-PALAKKAD




PASSING OUT PARADE
2019 MARCH 2
പോലീസ് ഗ്രൗണ്ട് തൈക്കാട് • തിരുവനന്തപുരം
കേരളത്തിന് സ്വന്തമായൊരു സന്നദ്ധസേവന സേന
KVYAF
KERALA VOLUNTARY YOUTH ACTION FORCE
കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

# മാനസ

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്ക് ആധുനിക സൗകര്യങ്ങളോടെ സജ്ജീകരിച്ച ഹൈടെക് ഗേൾസ് അമിനിറ്റി സെന്ററുകളാണ് മാനസ. ഭിന്നശേഷിക്കാരായ വിദ്യാർത്ഥിനികളടക്കം ഉപയോഗിക്കാവുന്ന വിധത്തിലുള്ള നിരവധി ടോയിലറ്റ് സൗകര്യങ്ങൾ, സ്കൂൾ ബാഗുകൾ അടക്കം സൂക്ഷിക്കാനുള്ള സൗകര്യം, വിശ്രമിക്കാനുള്ള സൗകര്യം, വസ്ത്രങ്ങൾ മാറാനുള്ള സൗകര്യം തുടങ്ങി എല്ലാവിധ സൗകര്യങ്ങളോടുംകൂടിയ കെട്ടിടങ്ങളാണ് മാനസ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്.




## മാനസ പ്ലസ്

ജില്ലാപഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സർക്കാർ ഹൈസ്കൂളുകളിലും, ഹയർസെക്കന്ററി സ്കൂളുകളിലും പെൺകുട്ടികൾ കൂടുതലായി പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നാപ്കിൻ വെൻഡിംഗ് ആന്റ് ഡിസ്ട്രോയർ മെഷീൻ സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണിത്. ജില്ലയിലെ 142 വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി ആകെ 150 സെറ്റ് മെഷീൻ ഇൻസ്റ്റാൾ ചെയ്യുകയും സ്ഥാപിച്ച മെഷീനുകളുടെ പ്രവർത്തന രീതി അദ്ധ്യാപികമാരെ പരിശീലിപ്പിക്കുകയും ആവശ്യമായ നാപ്കിനുകൾ വിതരണം നടത്തുകയും ചെയ്തു.



## ദിശ

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സർക്കാർ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്ക് യോഗാ പരിശീലനം നൽകുന്നതിനുവേണ്ടി നടപ്പിലാക്കിയ പദ്ധതിയാണ് ദിശ. 8,9,11 ക്ലാസ്സുകളിലെ യോഗാ പരിശീലനത്തിന് തൽപരരായ ആൺകുട്ടികൾക്കാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി യോഗാ ക്ലാസ്സ് നൽകിയത്. സ്കൂൾ പഠന സമയത്തിന് ഭംഗം വരുത്താതെയാണ് പരിശീലനം ക്രമീകരിച്ചത്. ലഹരിക്കെതിരായ ബോധവത്കരണവും ഈ പദ്ധതിയുടെ ഭാഗമാണ്.

എല്ലാ കുട്ടികളേയും അണിനിരത്തി മതപരമായ അടയാളങ്ങളൊന്നും കൂടാതെ മതനിരപേക്ഷതയിൽ ഊന്നൽ നൽകികൊണ്ടാണ് യോഗാ പരിശീലനം നൽകിയിട്ടുള്ളത്. ആൺകുട്ടികളുടെ ശാരീരിക മാനസിക ശക്തി വളർത്തിയെടുക്കുന്നതിനും ലഹരിമുക്തമായ ഒരു തലമുറയെ വാർത്തെടുക്കുന്നതിനും ജീവിത ശൈലീരോഗങ്ങളും മാനസിക പിരിമുറുക്കങ്ങൾ ഒഴിവാക്കുന്നതിലും ഈ പരിശീലനം ഉപകരിച്ചിട്ടുണ്ട്.



## സാരഥി

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകൾക്ക് വിദ്യാർത്ഥീ വിദ്യാർത്ഥിനികളെ എത്തിക്കുന്നതിനും തിരികെ കൊണ്ടു പോകുന്നതിനും ആവശ്യമായ സ്കൂൾ ബസ് വാങ്ങുന്നതിനുള്ള പദ്ധതിയാണിത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. വർദ്ധിച്ചുവരുന്ന വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം പരിഹരിക്കുന്നതിനും വിദ്യാർത്ഥികളെ പൊതു വിദ്യാലയങ്ങളിൽ നിലനിർത്തുന്നതിനും ഉതകുന്ന പദ്ധതിയാണിത്. ഈ വർഷം 26 സ്കൂൾ ബസുകൾ വിതരണം ചെയ്യുന്നു.

## പ്രതിഭാസംഗമം

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള വിദ്യാലയങ്ങളിൽ നിന്നും ഫുൾ എ പ്ലസ് വാങ്ങിയ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിദ്യാർത്ഥികളെ അനുമോദിക്കുന്നതിനും വിദ്യാർത്ഥികളിൽ അഭിമാന ബോധം വർദ്ധിപ്പിക്കാനും അതിലൂടെ ഉന്നത ശ്രേണിയിലേക്ക് പ്രവേശിക്കാനും വരും തലമുറയ്ക്ക് പ്രചോദനം നൽകാനും എല്ലാ വർഷവും എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചു വിപുലമായി പദ്ധതി നടപ്പിലാക്കുന്നു കുട്ടികൾക്ക് മോമെന്റോയും സെർട്ടിഫിക്കറ്റും നൽകുകയും ചെയ്തു.



## സ്കൂളുകൾക്ക് കംമ്പ്യൂട്ടർ

അതിവേഗം വളരുന്ന വിവര സാങ്കേതിക വിദ്യയുടെ മുഴുവൻ ഗുണഫലങ്ങളും പൊതു വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ഉപയോഗപ്പെടുത്താനും മെച്ചപ്പെട്ട സാങ്കേതിക പരിഞ്ജാനം നേടാനും കഴിയുന്ന രീതിയിൽ സർക്കാർ സ്കൂളുകൾക്ക് ഡസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയ പദ്ധതിയാണിത്. 52 വിദ്യാലയങ്ങളിലേയ്ക്കായി 260 കമ്പ്യൂട്ടർ വാങ്ങി നൽകി.

## സ്കൂളുകൾക്ക് ഫർണിച്ചർ

ജില്ലാപഞ്ചായത്തിന് കീഴിലുള്ള സർക്കാർ സ്കൂളകൾക്കാവശ്യമായ ഫർണിച്ചർ വാങ്ങി നൽകുന്നതിനു നടപ്പിലാക്കിയ പദ്ധതിയാണിത്. സർക്കാർ അംഗീകൃത സ്ഥാപനമായ കാഡ്കോ മുഖേന 1500 ജോടി ബഞ്ചും ഡസ്കും സ്കൂളുകളിൽ വിതരണം ചെയ്തു. സ്മാർട്ട് ക്ലാസ്സുകയിലേക്കു 1000 ഹൈടെക് ചെറുകൾ വിതരണം ചെയ്തു.

## സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ

ജില്ലയിൽ കായിക മത്സരങ്ങളിൽ മികവുള്ളതും അത്‌ലറ്റിക് മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതുമായ 12 സ്കൂളുകൾക്ക് ആവശ്യമായ കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. അത്‌ലറ്റിക് മത്സരങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ പ്രസ്തുത പദ്ധതി പ്രകാരം സ്കൂളുകളിൽ ലഭ്യമാക്കുന്നതിനും, മെച്ചപ്പെട്ട കായിക പരിശീലനം കുട്ടികൾക്ക് ഉറപ്പാക്കുന്നതിനും സാധിച്ചു.



- സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം,
- നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം
- ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ
- പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ,
- ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം,
- ടോയിലറ്റ് സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ,
- പാചകപ്പുരകളുടെ നിർമ്മാണം,
- ചുറ്റുമതിലുകളുടെ നിർമ്മാണം,
- സ്റ്റേജുകളുടെയും ഓഡിറ്റോറിയങ്ങളുടെയും നിർമ്മാണം,
- ഗേറ്റുകളുടെ നിർമ്മാണം,
- കളിസ്ഥലങ്ങളുടെ നിർമ്മാണം,

## ഗ്രീൻ & ക്ലീൻ ക്യാമ്പസ്

ജില്ലാപഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകൾ ഹരിതാഭമാക്കുന്നതിനും വൃത്തിയായി സംരക്ഷിക്കുന്നതിനും പ്ലാസ്റ്റിക്ക് മുക്തമാക്കുന്നതിനും സ്കൂളുകളിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. സകൂളുകളിൽ ഔഷധ സസ്യങ്ങൾ, മരങ്ങൾ, പച്ചക്കറി, ചെടികൾ തുടങ്ങിയവ വച്ചുപിടിപ്പിക്കൽ. കുട്ടികൾക്ക് കൃഷിയോടുള്ള ആഭിമുഖ്യം വളർത്തൽ, ജലത്തിന്റെ ദുരുപയോഗം കുറയ്ക്കൽ, ഭൂമിയിൽ വീഴുന്ന വെള്ളം മണ്ണിലേക്ക് ഊർന്നിറങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്.



## പത്താംക്ലാസ് പത്തുതരം തുല്യതാ പഠനം - ജില്ലാ സാക്ഷരതാ മിഷൻ

സാക്ഷരരായ ജില്ലയിലെ എല്ലാപേരെയും ഘട്ടംഘട്ടമായി പത്താംതരം തുല്യതാ പരീക്ഷയിലെത്തിക്കുന്നതാണ് ഈ പദ്ധതി. ജില്ലയിലെ തുല്യതാ പഠിതാക്കൾക്കുള്ള കോഴ്സ് ഫീസ്, രജിസ്ട്രേഷൻ ഫീസ്, അപേക്ഷാ ഫീസ് എന്നിവയ്ക്കുപുറമെ തുല്യതാ പഠനത്തിനുള്ള പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്ന പദ്ധതിയാണിത്. തുല്യതാ പഠിതാക്കൾക്ക് തുടർ പഠനം ഉൾപ്പെടെ സാദ്ധ്യമാക്കുന്ന പദ്ധതിയാണിത്.

## സ്ത്രീപദവി ഉയരട്ടെ...

സ്ത്രീ ശാക്തീകരണം പ്രധാന ലക്ഷ്യമായി പരിഗണിച്ചുകൊണ്ട് നൂതനങ്ങളായ പ്രോജക്ടുകൾക്കാണ് ഈ ജില്ലാപഞ്ചായത്ത് ഭരണ സമിതി രൂപംകൊടുത്തിട്ടുള്ളത്.

സ്വയംതൊഴിൽ സംരംഭങ്ങളിൽ ഇന്റർ ആക്ടീവ് മൾട്ടി മീഡിയ ആന്റ് വെബ് ടെക്നോളജി, അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് കോഴ്സ്, ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ്, പേപ്പർ കോട്ടൺ ബാഗ് നിർമ്മാണം, ചക്കയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, തുണിസഞ്ചി നിർമ്മാണം തുടങ്ങിയവ ഏതാനും പ്രോജക്ടുകൾ മാത്രമാണ്. പദ്ധതി വിഹിതത്തിന്റെ 10 ശതമാനം പൂർണ്ണമായും സ്ത്രീകളുടെ പുരോഗതിക്കുവേണ്ടി വിനിയോഗിക്കുന്ന കാര്യത്തിൽ ജില്ലാപഞ്ചായത്ത് വിജയിച്ചിട്ടുണ്ട്. കൂടാതെ ലേഡീസ് മാർക്കറ്റിംഗ് സെന്ററുകൾ, വനിതാ വ്യവസായ കേന്ദ്രങ്ങൾ തുടങ്ങിയവ സ്ഥാപിച്ചുകൊണ്ട് ഉൽപ്പന്നങ്ങളുടെ വിപണനം സാദ്ധ്യമാക്കി തീർക്കുവാൻ ആയിട്ടുണ്ട്.



## പ്രതീക്ഷ




വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിനും തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിലൂടെ ജീവിതനിലവാരം വർദ്ധിപ്പിക്കുന്നതിനുമായി നൂതന തൊഴിൽ സംരംഭങ്ങൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി. 2.20 കോടി രൂപ വിനിയോഗിച്ച് കുടുംബശ്രീ തിരുവനന്തപുരം ജില്ലാമിഷൻ വിവിധ തൊഴിൽ സംരംഭങ്ങൾ നിർവ്വഹണം നടത്തി വരുന്നു.

# ഫിലിം ക്ലബ്ബുകൾ



പഠനപദ്ധതിയുടെ ഭാഗമായിത്തന്നെ ഓരോ വിദ്യാലയത്തിലും ഒരു ഫിലിം ക്ലബ്ബ് രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ ഫിലിം ക്ലബ്ബുകൾ ആർക്കൈവ്സ് രൂപീകരിക്കൽ എന്ന ഒരു പ്രോജക്ടിന് ജില്ലാപഞ്ചായത്ത് രൂപം നൽകിയിട്ടുണ്ട്. 13 വയസ്സു മുതൽ 17 വയസ്സു വരെയുള്ള സെക്കന്ററി, ഹയർ സെക്കന്ററി തലം, യുവാക്കളെ രൂപപ്പെടുത്തി എടുക്കുന്നതിൽ ഈ പ്രോജക്ട് ഏറെ സ്വാധീനം ചെലുത്തുന്നതാണ്. പുതിയ പരീക്ഷണങ്ങളും പുതിയ കണ്ടുപിടുത്തങ്ങളും നടത്തുന്നതിനും, ഇഷ്ടതാരങ്ങൾ, വ്യക്തികൾ, കൂട്ടായ്മകൾ രൂപപ്പെടുത്തുന്നതിനുള്ള മനസ്സ് പാകപ്പെടുത്തുന്നതിനും മറ്റുമുള്ള വെമ്പൽ കൊള്ളുന്ന കുട്ടികളെ അവരിലെ സംഘബോധം സമൂഹ നന്മയ്ക്കും സർഗ്ഗാത്മകതയ്ക്കും പ്രയോജനപ്പെടുത്തലാണ് ഫിലിം ക്ലബ്ബുകൾ കൊണ്ടുദ്ദേശിക്കുന്നത്.

## സങ്കേതം മാറുന്ന കോളനികളിലൂടെ...

കാലഘട്ടത്തിനനുസരിച്ച് പട്ടികജാതി സങ്കേതങ്ങളുടെ മുഖഛായയും സൗകര്യങ്ങളും മാറ്റിത്തീർക്കുവാനുള്ള അനവധി പദ്ധതികളാണുള്ളത്.

വടക്കേമല എസ്.സി. കോളനി, കടുക്കാമൂട് എസ്.സി. കോളനി, വട്ടക്കുളം എസ്.സി. കോളനി എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനു പുറമെ പുല്ലാനിക്കോണം, തറട്ടയിൽ, ഇടകം, തൊഴുവൻചിറ, കടുക്കാമൂട്, പൊട്ടവിള, കട്ടച്ചിറക്കോണം, പെരുമ്പല്ലൂർ, തോന്നയ്ക്കൽ, ഉണ്ണ്യന്റവിള, കർക്കിടക കോളനി, പ്ലാന്താനം, കോട്ടയിൽക്കളം, വട്ടക്കളം, മൈലമൂട്, എ.കെ.ജി. കോളനി, ആലുവിള, ഭാസ്കർ കോളനി, പാലൊളി, ചിലമ്പറ, ചിറമുതുമ്പൽ, തേറന്നൂർ, തുലയാത്തുകോണം, വലിയവിള, ശാസ്താംകുറ്റി, കരിമ്പുവിള, തുടങ്ങിയ ഒട്ടനവധി പട്ടികജാതി സങ്കേതങ്ങളുടെ വികസനത്തിനും ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിനും ആവശ്യമായിട്ടുള്ള സമഗ്രമായ പദ്ധതികൾക്ക് രൂപംനൽകി നടപ്പിലാക്കിയിട്ടുണ്ട്.

ഒരു നാടിന്റെ സവിശേഷതകളെയാകെ സ്വാംശീകരിച്ചു കൊണ്ട് ആ പ്രദേശത്തിന്റെയും അവിടെ അധിവസിക്കുന്ന ജനവിഭാഗങ്ങളുടെയും പശ്ചാത്തല സൗകര്യങ്ങളും ജീവിത സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനും സാംസ്കാരിക ഉയർച്ചക്കും ഉതകുന്ന വിധത്തിൽ ദീർഘദൃഷ്ടിയോടുകൂടി നടപ്പിലാക്കിയ പദ്ധതിയാണ് സമഗ്ര കോളനി വികസനം.

പട്ടികജാതി സങ്കേതങ്ങളിലെ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജില്ലാപഞ്ചായത്ത് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. പട്ടികജാതി സങ്കേതങ്ങളിലെ കുടിവെള്ളം, വൈദ്യുതീകരണം, റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് മാത്രമായി 24,38,41,780/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന ജനവിഭാഗങ്ങളെ സാമൂഹികവും സാംസ്കാരികവുമായ പുരോഗതികൾക്കു പുറമെ ഭവന നിർമ്മാണം, മെയിന്റനൻസ് ഉൾപ്പെടെയുള്ള പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിന് 40,64,58,508/- ചെലവഴിക്കുവാനായിട്ടുണ്ട്. ജില്ലയിലെ പട്ടികജാതി സങ്കേതങ്ങളുടെ വികസനത്തിന് മകുടോദാഹരണമാണ് തവയ്ക്കൽ കോളനി വികസനം.

## പഠനത്തിന് പിന്തുണയുമായി...

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കാനുള്ള പഠനമുറി ശ്രദ്ധേയമായ പദ്ധതിയാണ് . ജില്ലാ പഞ്ചായത്ത് അഞ്ഞൂറോളം വിദ്യാർത്ഥികൾക്കാണ് ഈ സൗകര്യം ഒരുക്കികൊടുക്കുന്നത് റെസിഡൻഷ്യൽ സൗകര്യങ്ങലോടെയുള്ള മെച്ചപ്പെട്ട വിദ്യാഭാസ പദ്ധതിയും മിടുക്കരായ കുട്ടികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പും ഈ രംഗത്തെ മികവുറ്റ പദ്ധതികളാണ്.



## കൂത്തമ്പലം

തനത് പാരമ്പര്യ കലാരൂപങ്ങളുടെ പ്രോത്സാഹന ത്തിന്റെ ഭാഗമായി ചെണ്ട, ശിങ്കാരി മേളം, ബാന്റ് മേളം, പഞ്ചവാദ്യം തുടങ്ങിയവയിൽ പരിശീലനവും വാദ്യോപകരണങ്ങൾ വാങ്ങി നൽകലുമാണ് ഈ പ്രോജക്ട് കൊണ്ട് ലക്ഷ്യമിടുന്നത്. നമ്മുടെ പ്രദേശത്തെ വിവിധ കലാരൂപങ്ങളോട് ആഭിമുഖ്യമുള്ളവരുടെ കൂട്ടായ്മ സംഘടിപ്പിച്ചുകൊണ്ട് തനത് കലാരൂപങ്ങളെ നിലനിർത്തുക എന്നതാണ് പദ്ധതി വാഭാവനം ചെയ്യുന്നത്.



## ആദിവാസി സങ്കേതങ്ങളിലേക്ക്

പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന നിർമ്മാണം, മെയിന്റനൻസ്, വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ, കുടിവെള്ള സൗകര്യമൊരുക്കൽ, ഔഷധ സസ്യ കൃഷി, പച്ചക്കറി കൃഷി, കസ്തൂരി മഞ്ഞൽ കൃഷി, വരുമാന വർദ്ധനവിന് ഉതകുന്ന വിധത്തിൽ മുട്ടക്കോഴി വളർത്തൽ തുടങ്ങി വിദേശ തൊഴിലവസരങ്ങൾ തേടി പോകുന്നതിനുള്ള ധനസഹായം ഉൾപ്പെടെ നടപ്പിലാക്കിയിട്ടുള്ളതാണ്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം, പ്രൊഫഷണൽ കോഴ്സിന് മെരിറ്റോറിയസ് ധനസഹായം എന്നിവയ്ക്കുപുറമെ വനജ്യോതി എന്ന പേരിൽ ആദിവാസി മേഖലകളിൽ രാത്രികാല പഠന ക്ലാസ്സിന് രൂപം കൊടുത്തിട്ടുള്ളതാണ്.

## വനജ്യോതി

വനമേഖലയിൽ കുട്ടികൾക്ക് പഠന സൗകര്യം ഒരുക്കുന്നതാണീ പദ്ധതി. വിതുര, തൊളിക്കോട്, നന്ദിയോട്, പെരിങ്ങമല, പാങ്ങോട്, അമ്പൂരി, കള്ളിക്കാട്, കുറ്റിച്ചൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ 10 പട്ടികവർഗ്ഗ സങ്കേതങ്ങളിലായി രാത്രികാല പഠന ക്ലാസ്സ് നടത്തുന്ന പദ്ധതിയാണിത്. ഫെസിലിറ്റേറ്റർമാരുടെ ഓണറേറിയം പഠിതാക്കൾക്ക് ലഘുഭക്ഷണം, പഠനോപകരണം എന്നിവ നൽകുന്നു.



## ജില്ലാ ഗെയിംസ് ഫെസ്റ്റിവൽ

തദ്ദേശ സ്ഥാപനതല കായിക വികസനത്തിന് ജില്ലാ ആസൂത്രണ സമിതിയുടെ നിർദ്ദേശാനുസരണം രൂപം നൽകിയ പദ്ധതിയാണിത്. ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തലം മുതൽ യുവജന ഏകോപന സമിതികൾക്ക് രൂപം നൽകി, അവയുടെ നേതൃത്വത്തിൽ ഫുഡ്ബോൾ, ക്രിക്കറ്റ്, വോളിബോൾ, കബഡി എന്നീ ഇനങ്ങളിൽ മത്സരങ്ങൾ നടത്തുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ വിജയിച്ച മത്സരാർത്ഥികളെ പങ്കെടുപ്പിച്ച് ബ്ലോക്ക് തല മത്സരങ്ങളും തുടർന്ന് ജില്ലാ മത്സരങ്ങളും നടത്തുന്നു. സംസ്ഥാനത്തു തന്നെ ശ്രദ്ധേയമായ തുടക്കമാണിത്.








തിരുവനന്തപുരം ജില്ലാപഞ്ചായത്ത്

സ്നേഹം മെഡിക്കൽസ്

നെടുമങ്ങാട്, കാട്ടാക്കട, പുല്ലുവിള, ചിറയിൻകീഴ്, പേരൂർക്കട

മരുന്നുകൾക്ക് 13% മുതൽ 70% വരെ വിലക്കുറവിൽ

## ലൈഫ് ഭവന നിർമാണ രംഗത്ത്

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന് കീഴിൽ ഗ്രാമ,ബ്ലോക്ക് പഞ്ചായത്തുകളുടെ സഹായത്തോടെ ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് ജില്ലാപഞ്ചായത്ത് പ്രത്യേകം ശ്രദ്ധിച്ചുപോരുന്നു. കഴിഞ്ഞ വർഷം മുതൽ നടപ്പിലാക്കി തുടങ്ങിയ ലൈഫ് ഭവന നിർമാണ പദ്ധതിക്ക് വേണ്ടി പദ്ധതിവിഹിതത്തിന്റെ 20 ശതമാനം ജില്ലാ പഞ്ചായത്ത് നീക്കി വച്ചിരിക്കുന്നു.

സംസ്ഥാന സർക്കാരിന്റെ നവകേരളാമിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷനുമായി സംയോജിപ്പിച്ച് ഭവന നിർമ്മാണ തുക 4 ലക്ഷം രൂപയായി ഏകീകരിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിനും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിനും ഉൾപ്പെടെ ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിനും തിരുവനന്തപുരം ജില്ലാപഞ്ചായത്ത് ഈ ഭരണ സമിതിയുടെ കാലയളവിൽ 56,75,22,288/-രൂപ ചെലവഴിച്ചിട്ടുള്ളതാണ്.



തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പ്രത്യേകിച്ച് പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിന് 4.27,72,795/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## വഴിയമ്പലം

തിരുവനന്തപുരം ജില്ലയിലെ പ്രാദേശിക ടൂറിസ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് വഴിയമ്പലം. ദീർഘദൂര യാത്രക്കാർക്കും പൊതുജനങ്ങൾക്കും വിശ്രമത്തിനും പ്രാഥമിക ആവിശ്യങ്ങൾ ക്കും വേണ്ടി ആധുനിക രീതിയിൽ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണിത് .



## ശ്മശാനം
## ആധുനിക അറവുശാല
## വ്യാവസായിക പാർക്ക്

തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രദേശത്ത് പൊതു ശ്മശാനം സ്ഥാപിക്കുന്നതിനും ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കുന്നതിനും വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനും മെറ്റീരിയൽസ് റിക്കവറി യൂണിറ്റ് അടക്കമുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുമായി ജില്ലാപഞ്ചായത്ത് പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനും ആയതിന് ആവശ്യമായ മറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ജില്ലാപഞ്ചായത്തിന്റെ ഈ ഭരണ സമിതി 2,15,19,912/- പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പെരിങ്ങമലയിലും കല്ലറയിലും ആധുനിക ശ്മശാനങ്ങളുടെ നിർമാണം പൂർത്തിയായി വരുന്നു. കരാവാരത്തു സ്ളാട്ടർ ഹൗസിന്റെ നിർമാണവും പുരോഗമിക്കുന്നു.





## നിർമാണ മേഖലയിൽ
## ദൗത്യം പൂർത്തിയാകുന്നു

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ ചരിത്രത്തിൽ നാളിതുവരെ ദർശിച്ചിട്ടില്ലാത്ത വികസന പ്രവർത്തനങ്ങളാണ് റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ നിർവ്വഹണ കാര്യത്തിൽ ഈ ഭരണ സമിതിക്ക് കൈവരിക്കുവാൻ സാധിച്ചിട്ടുള്ളത്. പൊതുമേഖലയിലും പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളിലും ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതി വിഹിതവും മെയിനൻസ് ഗ്രാന്റ് വിഭാഗത്തിലുമായി 400 കോടി രൂപയിലധികം ഫലപ്രദമായി ചെലവഴിച്ച് ജനവിശ്വാസം ആർജ്ജിക്കുന്നതിനും ഈ ഭരണ സമിതിക്ക് ആയിട്ടുണ്ട്.



## ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

സേവനമേഖലകളിലെ ഗുണമേന്മ മികവിനുള്ള അംഗീകാരമായി ISO സർട്ടിഫിക്കേഷൻ നേടിയെടുക്കാൻ ജില്ലാപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്

## പുരസ്കാര നിറവിൽ

# സാഭിമാനം... വികസനത്തിന്റെ തലസ്ഥാനത്ത്...

- **നൂതനവും ഭാവനാസമ്പന്നവും മാതൃകാപരവുമായ പദ്ധതികൾ...**
- **സുതാര്യവും കൃത്യതയും ജനകീയവുമായ പദ്ധതി നിർവ്വഹണം...**

തിരുവനന്തപുരം ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ അത്യന്തം ശ്രദ്ധേയവും ജനക്ഷേമകരവുമായ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ശ്രദ്ധയാകർഷിക്കുവാൻ കഴിഞ്ഞിട്ടുള്ളവയാണ്. ജനാധിപത്യപരമായും ജനകീയമായും സത്യസന്ധമായും സുതാര്യമായും ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തെ മികച്ച ജില്ലാപഞ്ചായത്തിനുള്ള അവാർഡും ജില്ലാപഞ്ചായത്തിന്റെ മുഴുവൻ പ്രവർത്തനങ്ങൾക്കും കൃത്യതയോടെയും സൂക്ഷ്മതയോടെയും മികവാർന്ന നേതൃപാടവത്തോടെ നയിച്ച ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി.കെ. മധുവിന് ഏറ്റവും മികച്ച ജനപ്രതിനിധി എന്ന അവാർഡിന് അർഹനായതും ജില്ലാപഞ്ചായത്തിന്റെ നിലവിലുള്ള ഭരണ സമിതിക്ക് ലഭിച്ച അംഗീകാരമാണ്. കൂടാതെ രാജ്യത്തെ തന്നെ ഏറ്റവും നല്ല ജില്ലാപഞ്ചായത്തിനുള്ള അവാർഡിനായി തിരുവനന്തപുരം ജില്ലാപഞ്ചായത്തിനെ പരിഗണിക്കുന്നു എന്നത് തിരുവനന്തപുരം ജില്ലയെ സംബന്ധിച്ചിടത്തോളം ഏറെ സന്തോഷകരമാണ്.












കൗൺസിൽ ഹാൾ





ഇ. എം. എസ്സ് സ്മാരക ഹാൾ


തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് കാര്യാലയം
THIRUVANANTHAPURAM DISTRICT PANCHAYAT OFFICE

തിരുവനന്തപുരം
ജില്ലാപഞ്ചായത്ത്

# സ്വാഭിമാനം വികസനത്തിന്റെ തലസ്ഥാനത്ത്




DESIGN: pixlqube.com